**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **09-10-2024 - ൽ മറുപടിയ്ക്ക്**

**അമ്പാട്ട് തോട് സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അടങ്കൽ തുകയിൽ 20 ശതമാനം തുക അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലെ അമ്പാട്ട് തോട് സംരക്ഷണ ഭിത്തി നിർമ്മാണമെന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അടങ്കൽ തുക വരുന്ന അമ്പാട്ട് തോട് സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിക്ക് അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുണ്ട്. സ്ഥലം എം.എൽ.എ യുടെ നിർദ്ദേശാനുസരണം, പഞ്ചായത്ത് പ്രസിഡന്റിന്റെയും പരിസരവാസികളുടെയും സാന്നിദ്ധ്യത്തിൽ 02/09/2023-ന് സംയുക്ത സ്ഥല പരിശോധന നടത്തിയിരുന്നു. പഞ്ചായത്ത് തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ടും (ഡി.പി.ആർ ) തയ്യാറാക്കി ഇറിഗേഷൻ വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ